# ഗവ. എൽപിഎസ് തെക്കേക്കര
# കരിപ്പുഴ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പ ൊതുവിദ്യാലയങ്ങളെ മികവിന്റെ കേ ന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഓരോ വിദ്യാർത്ഥിയുടെ യും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെ ടുത്ത അവരെ മികവിലേക്ക് ഉയർത്തുവാൻ സാധിച്ചാൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണമാകൂ. വീട്ടിലും സ്കൂളിലുമായി ലഭിക്കുന്ന അനുഭവങ്ങൾ പരിഗണനകൾ നേ രിടുന്ന വെ ല്ലുവിളികൾ സഹജമായ താല്പര്യങ്ങൾ എന്നിവ ഓരോ കുട്ടിയിലും വ്യത്യസ്തമാണ് അളവിലും ഗുണത്തിലും ഉള്ള ഈവ്യത്യസ്തതകൾ പരമാവധി പരിഗണിച്ച് ഓരോ കുട്ടിക്കും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരാനും വികസിക്കാനുമുള്ള അവസരം ഒരുക്കുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഊന്നൽ.പ പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്ന ോട്ടു ക ൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം സജീവമായ പിടിഎ അധ്യാപക സംഘം രക്ഷിതാക്കൾ പ ൊതുസമൂഹം എന്നിവയുടെ സഹകരണത്ത ോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢനിശ്ചയത്ത ോടെ യാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് വിദ്യാലയത്തെ കൂടുതൽ മെ ച്ചപ്പെ ടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെ യ്തിരിക്കുന്ന ഈ അക്കാര്യം മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേ ടിയെ ടുക്കുമെ ന്ന് വിശ്വാസത്ത ോടെ സമർപ്പിക്കുന്നു.

പ്രഥമാധ്യാപിക

# അടിസ്ഥാന വിവരങ്ങൾ

- **വിദ്യാലയത്തിന്റെ പേര് : ഗവ.** എൽപിഎസ് തെക്കേക്കര
- **സ്കൂൾ കോഡ് : 35412**
- **വിദ്യാഭ്യാസ ഉപജില്ല :** ഹരിപ്പാട്
- **വിദ്യാഭ്യാസ ജില്ല :** ആലപ്പുഴ
- **B. R. C :** ഹരിപ്പാട്
- **ഗ്രാമപഞ്ചായത്ത് :** പള്ളിപ്പാട്
- **ബ്ലോക്ക് പഞ്ചായത്ത് :** ഹരിപ്പാട്
- **ജില്ലാ പഞ്ചായത്ത് : ആലപ്പുഴ**
- **താലൂക്ക് : കാർത്തികപ്പള്ളി**
- **വില്ലേജ് : പള്ളിപ്പാട്**

# സ്കൂൾ ചരിത്രം

അച്ചൻകോവിലാറിന്റെ പരിലാളനയാൽ പുളകിതയായ ഈ മനോഹരസ്ഥലം സസ്യസമൃദ്ധികൊണ്ട് തന്റെ സന്തോഷം പ്രകടിപ്പിക്കുന്നു.മന്ദമാരുതന്റെ കരവിരുതാൽ അലകൾ ഞൊറിയുന്ന ഹരിത സമുദ്രത്തിൽ, തലയിൽ ബഹു വർണ്ണ തൊപ്പിക്കുടചൂടി മാടിയുടുത്ത കൈലിയുടെ കോന്തല അരയിൽ ചൊരുകി ചടുലതയൊത്ത താളത്തിൽ കളപറിക്കുന്ന കർഷകത്തൊഴിലാളി മങ്കമാരുടെ അമരസ്വരത്തിന്റെ മർമരമുയരുന്ന നാട്.മനുഷ്യരാശിയുടെ നിലനില്പിന് സ്വജന്മം ഹോമിക്കുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ പിന്മുറക്കാർക്ക് അറിവിന്റെ അമൃതം വിളമ്പാൻ 19-05-1947-ൽ ആരംഭിച്ചതാണ് ഈ വിദ്യാലയം.കല്ലുകണ്ടം എന്ന വീട്ടുകാരുടെ സ്ഥലത്താണ് ആദ്യം ഈ സരസ്വതീക്ഷേത്രം തുടങ്ങിയത്.അതിനാൽ കല്ലുകണ്ടംസ്കൂൾ എന്ന് പരക്കെ അറിയപ്പെടുന്നു.സ്കൂളിനായി സ്ഥംലം വാങ്ങി അവിടേക്കു സ്കൂൾമാറ്റി സ്ഥാപിച്ചത് 1985 ലാണ്.ആദ്യകാലത്ത് യാത്രാസൗകര്യം തീരെയില്ലാതിരുന്നതിനാൽ കുട്ടികൾക്ക് ദൂരെപോയി പഠിക്കുവാൻ പ്രയാസമായിരുന്നു.ഈ പ്രദേശത്തുള്ള പ്രായമായവരെല്ലാംതന്നെ ഈ വിദ്യാലയത്തിന്റെ സന്തതികളാണ്.എന്നാൽ ഇപ്പോൾ കഥയെല്ലാം എല്ലാ അർത്ഥത്തിലും മാറിയിരിക്കുന്നു.

# ഭൗതികസൗകര്യങ്ങൾ

N T P C നിർമ്മിച്ച് നൽകിയ  പുതിയ സ്മാർട്ട് ക്ലാസ്സ് റൂം കെട്ടിടം,
ബാത്റൂം,  ഫർണിച്ചറുകൾ, മികച്ച കമ്പ്യൂട്ടർ ലാബ്, സൗകര്യങ്ങൾ

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • മലയാളം-ഇംഗ്ലീഷ് ഭാഷാശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• വായനാശീലം വളർത്തൽ<br>• ലാബ് ലൈബ്രറി വികസനം<br>• ബോധവൽക്കരണ ക്ലാസുകൾ<br>• പഠനയാത്ര<br>• സെമിനാറുകൾ<br>• വൈവിധ്യ അസംബ്ലി<br>• ഇംഗ്ലീഷ് കോർണർ<br>• ദിനാചരണം<br>• യൂണിറ്റ് ടെസ്റ്റ്<br>• മൂല്യനിർണയം<br>• വിലയിരുത്തൽ | • കളിസ്ഥലം<br>• കളി ഉപകരണങ്ങൾ<br>• സ്റ്റാഫ് റൂം<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• കമ്പ്യൂട്ടർ ലാബ്<br>• സ്റ്റോർ റൂം<br>• ഡൈനിങ് ഹാൾ | • പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ<br>• ഭവന സന്ദർശനം<br>• മികവുകൾ സമൂഹത്തെ പരിചയപ്പെടുത്തൽ<br>• സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കൽ<br>• കോർണർ പിടിഎ<br>• **PTA,MPTA** സജീവമാക്കൽ |

# അക്കാദമിക ഭൗതിക നേ ട്ടങ്ങൾ- പരിമിതികൾ

| നേ ട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>• പ്രത്യേ ക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പ ോർട്ട്<br>• കലാ പഠനം പ്രവർത്തിപരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേ ക പരിശീലനം<br>• ഹെ ൽത്തി കിഡ്സ് പദ്ധതി<br>• സർഗാത്മക വേ ദികൾ ആശയപ്രകടന വേ ദികൾ എന്നിവ പ്ര ോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>• പാഠ്യേ തര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു | • വായനയ്ക്ക് പ്ര ോത്സാഹനം നൽകുന്നുണ്ടെ ങ്കിലും നന്നായി വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്<br>• ഭാഷാശേ ഷി ഗണിതശേ ഷി എന്നിവ പൂർണമായി കൈവരിക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല<br>• പ ൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്ന ോക്ക അവസ്ഥ പരിഹരിക്കപ്പെ ടേണ്ടതുണ്ട്<br>• കമ്പ്യൂട്ടറുകളുടെ അപര്യാപ്തത മൂലം ഐടി അധിഷ്ഠിത പഠനം എന്ന നിലയിലേ ക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആയിട്ടില്ല<br>• കുട്ടികളുടെ പഠന പിന്ന ോക്ക അവസ്ഥ പരിഹരിക്കേ ണ്ടതുണ്ട്. |

# ലക്ഷ്യങ്ങൾ

- അക്ഷരങ്ങൾ തിരിച്ചറിയുന്നു
- വാക്യങ്ങൾ വാചകങ്ങൾ വായിക്കുന്നു എഴുതുന്നു
- മലയാളം ഇംഗ്ലീഷ് ആശയ ഗ്രഹണത്തോടെ വായിക്കാനും
- എഴുതാനും കഴിവുണ്ടാകുക
- സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കുക സൃഷ്ടിക്കാൻ കഴിയുക
- വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ രചനകൾ നിർമ്മിക്കാൻ കഴിയുക
- വ്യത്യസ്തമായ ആശയങ്ങൾ അവതരിപ്പിക്കുക

# <u>പരിസര പഠനം</u>

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്
- വിവിധ ശാസ്ത്ര ഉപകരണങ്ങൾ മാതൃകകൾ നിർമ്മിക്കാൻ കഴിയുക
- വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താൽപര്യം ഉണ്ടാക്കുക
- വിവിധ കണ്ടുപിടിത്തങ്ങൾ ഏർപ്പെടാൻ കഴിയുക
- വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയുക
- വർഗ്ഗീകരണം ചെയ്യുക

# കലാകായിക ആരോഗ്യ വിദ്യാഭ്യാസം

- മാനസിക ഉല്ലാസ് വർധിപ്പിക്കുന്നതിന്
- നേതൃഗുണം ഉണ്ടാക്കുന്നതിന്
- ശാരീരിക മാനസിക ആരോഗ്യം ഉണ്ടാക്കുന്നതിന്
- കളി ഉപകരണങ്ങൾ പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിന്
- ചിത്രരചനകളിൽ ഏർപ്പെടുന്നതിന്
- ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യയുമായി പിന്തുടരാനും
- 
- വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്

# <u>ഗണിതം</u>

- ഒന്നുമുതൽ പതിനായിരം വരെ എണ്ണാൻ എഴുതാൻ
- ഗണിതം മധുരം രസകരമായ താല്പര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ
- പ്രായോഗിക പ്രശ്നങ്ങൾ നിർത്താൻ ചെയ്യാൻ
- വിവിധ ഗണിത ലേഖനങ്ങൾ പുസ്തകങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ വായിക്കാനുള്ള താല്പര്യം
- ജാമ്യ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ കഴിയുക
- മാന്ത്രിക ചതുരം പാറ്റേണുകൾ കണ്ടെത്താൻ

കുട്ടികളുടെ ഭാഷാപരവും ശാസ്ത്രപരവും മാനസിക ശാരീരിക വികാസ ഉദ്ദേശവും വച്ചും ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് മുകളിൽ സൂചിപ്പിക്കുന്നത് ഇവയുടെ ആസൂത്രണം സ്കൂൾ ക്ലാസ് സ്ഥലങ്ങളിൽ നടത്തുകയും ഓരോ ക്ലാസിനും യോജിച്ചവ രേഖപ്പെടുത്തിയ സമയങ്ങളിൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുമ്പോൾ വിശദമായി ചർച്ചചെയ്യുകയും അതിൻറെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട് സ്കൂളിലെ അല്ലെങ്കിൽ ക്ലാസിലെ മുഴുവൻ കുട്ടികളെയും ലക്ഷ്യം വെച്ചുള്ള പ്രവർത്തനമായതിനാൽ എല്ലാവർക്കും അവസരം ഒരുക്കുകയും നിലവാരത്തിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ് ഇങ്ങനെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയത്ത് നമ്മൾ ലക്ഷ്യം വെച്ച് ശേഷികൾ കഴിവുകൾ കുട്ടികൾക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ

അധ്യാപകർ